പാരിൽ പാർക്കുമൽപായുസ്സിൽ ഭാരങ്ങളധികം വേണ്ടിനി
കാരിരുമ്പാണികളേറ്റവൻ ഭാരങ്ങൾ വഹിച്ചിടും
ഞാനെൻ പാദങ്ങൾ വെച്ചിടും നീങ്ങിപ്പോകാത്ത പാറമേൽ
എനിക്കായ് പിളർന്ന പാറമേൽ (2)

വൻ തിരകളലറുമ്പോൾ തീരം വിട്ടു ഞാൻ പോകുമ്പോൾ
എൻ പടകിൽ ഞാനേകനായ് ആശയറ്റെന്നു തോന്നുമ്പോൾ
ചാരത്തുണ്ടെന്നോതുന്ന പ്രിയൻറെ സ്വരം കേൾക്കും ഞാൻ
പ്രിയൻറെ സ്വരം കേൾക്കും ഞാൻ (2)

രോഗ ദുഃഖങ്ങളേറുമ്പോൾ മനഃപ്പീഡകളേറുമ്പോൾ
ക്രൂശിൽ പങ്കപ്പാടേറ്റതാം യേശു മാത്രമെന്നഭയം
മാറിൽ ചേർത്തണച്ചിടും ചേറിൽ നിന്നുയർത്തിടും
കാതിൽ സാന്ത്വനം ഓതിടും (2)

ദേഹം മണ്ണിലുപേക്ഷിച്ചു പ്രാണൻ പ്രിയനിൽ ചേരുമ്പോൾ
ഗോളാന്തരങ്ങൾ താണ്ടിടും യാത്രയിലും പ്രിയൻ തുണ
കാണും മറുകരയിൽ ഞാൻ വീണ്ടെടുത്തോരിൻ സംഘത്തെ
എന്നെ കാത്തു നിൽക്കും സംഘത്തെ (2)
പാരിൽ പാർക്ക...

Paaril PaarKkumalPaayusil Bhaarangaladhikam Vendini
Kaarirumpaanikalettavan Bhaarangal Vahicchidum
Njaanen Paadangal Vecchidum Neengippokaattha Paaramel
Enikkaayu PilarNna Paaramel (2)

Van Thirakalalarumpol Theeram Vittu Njaan Pokumpol
En Padakil Njaanekanaayu Aashayattennu Thonnumpol
Chaaratthundennothunna PriyanTe Svaram KelKkum Njaan
PriyanTe Svaram KelKkum Njaan (2)

Roga Duakhangalerumpol Manappeedakalerumpol
Krooshil Pankappaadettathaam Yeshu Maathramennabhayam
Maaril CherTthanacchidum Cheril NinnuyarTthidum
Kaathil Saanthvanam Othidum (2)

Deham Mannilupekshicchu Praanan Priyanil Cherumpol
Golaantharangal Thaandidum Yaathrayilum Priyan Thuna
Kaanum Marukarayil Njaan Veendedutthorin Samghatthe
Enne Kaatthu NilKkum Samghatthe (2)
Paaril PaarKku...